കളക്ടർ (ജനറൽ)-ന് കീഴിൽ ഒരു എൽ.ഡി. ക്ലാർക്ക് മാത്രം ഉൾപ്പെട്ട ന്യൂനപക്ഷ സെക്ഷൻ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ജില്ലകളിലെ മുസ്ലീം യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രം ജീവനക്കാരെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സഹകരിപ്പിച്ചുവരുന്നു. കൂടാതെ ഇപ്പോൾ പല വകപ്പുകൾ മുഖേന നടപ്പിലാക്കിവരുന്ന ന്യൂനപക്ഷക്ഷേമ പദ്ധതികൾ ഈ വകപ്പിന് കീഴിലാക്കുന്ന കാര്യം സർക്കാർ പരിഗണിച്ചുവരുന്നു.

(സി) സംസ്ഥാന തലത്തിൽ ഡയറക്ടറേറ്റ് വികാസ് ഭവനിൽ പ്രവർത്തിച്ചു വരുന്നു. ജില്ലാതല ഓഫീസുകൾ ആരംഭിക്കുന്ന വിഷയം പരിശോധിച്ചു വരുന്നു.

മൈനോറിറ്റി കോച്ചിംഗ് സെന്ററുകൾ

334 (1760) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൈനോറിറ്റി കോച്ചിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കിയ അപേക്ഷകൾക്ക് ദൂരപരിധിയിൽ ഇളവ് നൽകി അംഗീകാരം നൽകാൻ സർക്കാർ സന്നദ്ധമാകുമോ ?

ഉത്തരം

(എ&ബി) ഒരു ജില്ലയിൽ ഒന്ന് എന്ന തോതിലാണ് മുസ്ലിം യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രം എന്ന പേരിൽ ന്യൂനപക്ഷ പരിശീലന കേന്ദ്രങ്ങൾ അനുവദിച്ചിട്ടുള്ളത്. ന്യൂനപക്ഷ ജനസംഖ്യ ഏറ്റവും കൂടുതലുള്ളതും സർക്കാർ ഉദ്യോഗത്തിലെ പ്രാതിനിധ്യത്തിലും ഉന്നത വിദ്യാഭ്യാസ പ്രവേശാനുപാതത്തിലും പിന്നിലുള്ള മലപ്പുറം ജില്ലയിൽ 3 കേന്ദ്രങ്ങളും അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമേ ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ ന്യൂനപക്ഷ സംഘടനകളോ സ്ഥാപനങ്ങളോ പരിശീലന കേന്ദ്രം നടത്താനാവശ്യമായ സ്ഥലവും അടിസ്ഥാന സൗകര്യങ്ങളും സൗജന്യമായി നൽകുന്നപക്ഷം അദ്ധ്യാപകർക്ക് ഓണറേറിയം മാത്രം നൽകി നിബന്ധനകൾക്ക് വിധേയമായി താൽക്കാലിക ഉപകേന്ദ്രങ്ങളും അനുവദിച്ചിട്ടുണ്ട്. നിലവിലുള്ള പരിശീലന കേന്ദ്രങ്ങളിൽ നിന്നോ ഉപകേന്ദ്രങ്ങളിൽ നിന്നോ ചുരുങ്ങിയത് 20 കിലോമീറ്റർ ദൂരപരിധിയിലായിരിക്കണം പുതിയ ഉപകേന്ദ്രം അനുവദിക്കുക എന്ന പൊതുമാനദണ്ഡം സ്വീകരിച്ചിട്ടുണ്ട്. ദൂരപരിധിയിൽ ഇളവുനൽകുന്നത് സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

നക്ഷത്രചിഹ്നമിടാത്ത 1423, 1488, 1515, 1517, 1520, 1521, 1527, 1528, 1531, 1532, 1533, 1542, 1553, 1554, 1555, 1557, 1575, 1576, 1577, 1620, 1626, 1635, 1639, 1645, 1646, 1651, 1657, 1658, 1733 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly